**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4032** | **19/03/2018 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായത്തിന്റെ നിലവിലെ അവസ്ഥ

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**
**ശ്രീ.ആർ. രാമചന്ദ്രൻ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. മുഹമ്മദ് മുഹസിൻ പി**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഏഴായിരം കോടി രൂപയിലധികം വിദേശനാണ്യം നേടിത്തന്നിരുന്ന കശുവണ്ടി വ്യവസായത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കേരളത്തിൽ തോട്ടണ്ടി സംസ്കരണ ത്തിന്റെ യൂണിറ്റുകൾക്ക് പ്രതിവർഷം 8 ലക്ഷം ടൺ തോട്ടണ്ടിയുടെ ആവശ്യകതയുണ്ട്. എന്നാൽ കേരളത്തിലെ തോട്ടണ്ടി ഉല്പാദനം പ്രതിവർഷം 83000 ടൺ മാത്രമാണ് നിലവിലുള്ളത്. അതിനാൽ സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യമായ തോട്ടണ്ടി ലഭിക്കാത്ത അവസ്ഥയാണ്. |
| (ബി) | തോട്ടണ്ടിക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 9.36% ഇറക്കുമതി തീരുവ ഈ വ്യവസായത്തെ ദോഷകരമായി ബാധിച്ചുവോയെന്ന് വ്യക്തമാക്കാമോ; | | ഇറക്കുമതി ചുങ്കം വന്നതോടുകൂടി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാവുകയും തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും വില കൂടുകയും ചെയ്തു. ഇതിന്റെ ഫലമായി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതി വരികയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെ ടുന്നതിനും ഇടയാക്കിയിട്ടുണ്ട്. |
| (സി) | കശുവണ്ടി സംസ്കരിച്ച് കയറ്റുമതി ചെയ്യുമ്പോൾ ഇറക്കുമതി തീരുവയിൽ 5% തിരികെ ലഭിക്കുമെന്നത് പ്രായോഗികമായി നടപ്പിലാകാത്ത തിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | തോട്ടണ്ടി ഇറക്കുമതി തീരുവ തിരികെ ലഭിക്കുന്ന കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രായോഗികമാക്കാൻ പ്രയാസമാണ്. ഉദാഹരണമായി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ 25% പരിപ്പ് കയറ്റുമതി ചെയ്യണമെന്ന വ്യവസ്ഥ. പലപ്പോഴും കയറ്റുമതി നിലവാരമുള്ള 25% പരിപ്പ് |

| | | |
|---|---|---|
| | | പ്രോസ്സസിംഗ് വഴി ലഭിക്കില്ല. |
| (ഡി) | നിലവാരം കുറഞ്ഞ തോട്ടണ്ടി, കാലീത്തീറ്റ എന്ന പേരിൽ ഇറക്കുമതി ചെയ്ത് സംസ്കരിച്ച് പരിപ്പാക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) കേന്ദ്ര സർക്കാരിന്റെ ഇടപെടലിലൂടെ മാത്രമേ ഇത് പൂർണ്ണമായും തടയുവാൻ കഴിയുകയുള്ളൂ. |
| (ഇ) | ഈ മേഖലയിലെ യന്ത്രവല്ക്കരണം പരമ്പരാഗത തൊഴിലാളികളെ ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഇ) ഉണ്ട്. കേരളത്തിലെ കശുവണ്ടി ഫാക്ടറികളിൽ 3 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. അതിൽ 90% സ്ത്രീകളാണ്. യന്ത്രവല്ക്കരണം ഇവരുടെ ജോലി സാദ്ധ്യത കുറയ്ക്കും. |
| (എഫ്) | ഈ മേഖലയുടെ പുനരുദ്ധാരണത്തിന് കാഷ്യൂബോർഡ് ഏതൊക്കെ തരത്തിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ? | (എഫ്) തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുണ്ട്. വിദേശ തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി ന്യായമായ വിലക്ക് ലഭ്യമാക്കാനാണ് കാഷ്യൂ ബോർഡ് ഉദ്ദേശിക്കുന്നത്. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (ജി) | കാഷ്യൂബോർഡിന് അനുവദിച്ച ബജറ്റ് വിഹിതത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ജി) ഷെയർ ക്യാപിറ്റൽ ഇനത്തിൽ 24.5 കോടി രൂപയാണ് നല്കേണ്ടത് ഇതിൽ 5 കോടി രൂപ ലഭ്യമാക്കി. ഇതിനു പുറമെ ഈ വർഷം തന്നെ 10 കോടി രൂപ കൂടി അനുവദിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. . |

**സെക്ഷൻ ഓഫീസർ**